5405
18/5/15

ഭരണഭാഷ
മാതൃഭാഷ

# കേരള സർക്കാർ

## പൊതുഭരണ (ഏകോപനം) വകുപ്പ്

നം. 30735/സി.ഡി.എൻ.4/2015/പൊ.ഭ.വ. തീയതി, തിരുവനന്തപുരം, 14-05-2015

## പരിപത്രം

വിഷയം:- **നേപ്പാൾ ഭൂകമ്പം - ദുരിതാശ്വാസ നിധിയിലേയ്ക്ക് സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ഒരു ദിവസത്തെ ശമ്പളം സംഭാവനയായി ലഭ്യമാക്കുന്നത് - സംബന്ധിച്ച്**

സൂചന :- 29/04/2015-ലെ മന്ത്രിസഭാ യോഗ തീരുമാനം (ഇനം നമ്പർ. 6692)

-----------

ഭൂകമ്പവും തുടർ ചലനങ്ങളും കാരണം ദുരിതമനുഭവിക്കുന്ന നേപ്പാളിലെ ജനങ്ങൾക്ക് ആശ്വാസമാകത്തക്കവിധം കൂടുതൽ സഹായം എത്തിക്കുന്നതിന് ദുരിതാശ്വാസനിധി രൂപീകരിച്ച് ധനം ശേഖരിക്കാനും സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് ഒരു ദിവസത്തെ വേതനം പ്രസ്തുത ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകാൻ അഭ്യർത്ഥിക്കുവാനും 29/04/2015-ലെ മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി.

ഇതിന്റെ അടിസ്ഥാനത്തിൽ സംഭാവന നൽകാൻ താത്പര്യമുള്ള ഗസറ്റഡ് ഓഫീസർമാർ ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടേയും മേയ് മാസത്തെ ശമ്പളത്തിൽനിന്നും ഒരു ദിവസത്തെ വേതനം, അവരുടെ സമ്മതത്തിനുവിധേയമായി (ഇതോടൊപ്പം ചേർത്തിരിക്കുന്ന മാതൃക അനുസരിച്ച്), കുറവുചെയ്ത് "അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് (റിലീഫ് ഫണ്ട് ഫോർ നേപ്പാൾ എർത്ത്ക്വേക്ക് വിക്ടിംസ്), ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695001" എന്ന പേരിലുള്ള ദുരിതാശ്വാസ നിധിയിലേയ്ക്ക് അടയ്ക്കുവാൻ എല്ലാ വകുപ്പദ്ധ്യക്ഷന്മാരെയും ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, പൊതുഭരണം എന്നീ വകുപ്പുകളിലെ അക്കൗണ്ട്സ് കൈകാര്യംചെയ്യുന്ന അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറിമാരെയും അധികാരപ്പെടുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു. സംഭാവന നൽകാൻ താത്പര്യമുള്ള സെക്രട്ടേറിയറ്റിലെ ഗസറ്റഡ് ഓഫീസർമാർ അവരുടെ സംഭാവന പൊതുഭരണ (ക്യാഷ്) വകുപ്പിൽ നേരിട്ട് എത്തിക്കേണ്ടതാണ്.

കെ. ആർ. ജ്യോതിലാൽ
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും. പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും
എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്ക്
ഗവർണറുടെ സെക്രട്ടറി. രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി. എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ. കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി. സംസ്ഥാന വിവരാവകാശ കമ്മീഷൻ. തിരുവനന്തപുരം
രജിസ്ട്രാർ. കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശൂർ

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്,
കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
പൊതുഭരണ (അക്കൗണ്ട്സ്-കെ) വകുപ്പിന് (ആവശ്യമായ ക്രമീകരണങ്ങൾ സജ്ജീകരിക്കുന്നതിനായി)
പൊതുഭരണ (ക്യാഷ്) വകുപ്പിന് (അറിവിലേക്കായി)
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും, ഗസറ്റഡ് ഓഫീസർമാർക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
സർക്കാർ ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

--------------------

**അനുബന്ധം**

## സമ്മതപത്രത്തിന്റെ മാതൃക

നേപ്പാൾ ഭൂകമ്പ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി...........................രൂപ 2015 മെയ് മാസത്തിലെ ശമ്പളത്തിൽനിന്ന് കുറവ് ചെയ്യുന്നതിന് ഞാൻ ഇതിനാൽ സമ്മതം രേഖപ്പെടുത്തുന്നു.

ഒപ്പ് :
പേര് :
തസ്തിക :
ഓഫീസ് :

സ്ഥലം :
തീയതി :